## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 641 — 13.06.2012-ൽ മറുപടിക്ക്

### മഴക്കാലരോഗ പ്രതിരോധ പ്രവർത്തനം നടത്തുന്നതിന് വൈപ്പിൻ മണ്ഡലത്തിനുള്ള ഫണ്ട്

**ചോദ്യം**

ശ്രീ. എസ്. ശർമ്മ

എ) മഴക്കാലരോഗ പ്രതിരോധ പ്രവർത്തനം നടത്തുന്നതിന് വൈപ്പിൻ മണ്ഡലത്തിൽ ഫണ്ട് ലഭ്യമായിട്ടുണ്ടോയെന്ന് പറയാമോ;

ബി) ഉണ്ടെങ്കിൽ ഓരോ പഞ്ചായത്തുകളിലെയും പ്രവർത്തനത്തിന് എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളതെന്നും, ഇതിന്റെ മേൽനോട്ടം ആർക്കെന്നും വ്യക്തമാക്കാമോ ;

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) ലഭ്യമായിട്ടുണ്ട്.

ബി) വൈപ്പിൻ മണ്ഡലത്തിൽപ്പെടുന്ന ഏഴ് പഞ്ചായത്തുകൾക്ക് വാർഡൊന്നിന് 10,000/- രൂപ നിരക്കിൽ വാർഡ് തല ആരോഗ്യശുചിത്വ പോഷക സമിതികൾക്ക് മഴക്കാല പ്രതിരോധപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാനായി നൽകിയിട്ടുണ്ട്. വിശദമായ കണക്ക് താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | വാർഡുകളുടെ എണ്ണം | തുക |
|---|---|---|---|
| 1 | എളങ്കുന്നപ്പുഴ | 23 | 2,30,000 |
| 2 | ഞാറയ്ക്കൽ | 16 | 1,60,000 |
| 3 | മുളവ്കാട് | 16 | 1,60,000 |
| 4 | ഇടവനക്കാട് | 15 | 1,50,000 |
| 5 | നായരമ്പലം | 16 | 1,60,000 |
| 6 | കൊഴുമ്പള്ളി | 13 | 1,30,000 |
| 7 | പള്ളിപ്പുറം | 23 | 2,30,000 |
| ആകെ വാർഡുകളുടെ എണ്ണം | | 122 | 12,20,000 |
| (പന്ത്രണ്ട് ലക്ഷത്തി ഇരുപതിനായിരം രൂപ) | | | |

ഇതിന്റെ മേൽനോട്ടം വാർഡ്മെമ്പർ ചെയർമാനും ആരോഗ്യ പ്രവർത്തകൻ കൺവീനറുമായ വാർഡ്തല കമ്മിറ്റിയ്ക്കാണ്.

സി) മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾക്ക് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ?

സി) 2012 ജനുവരി 15 മുതൽ മാർച്ച് 15 വരെ ഊർജ്ജിത പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പരിപാടിയുടെ ഒന്നാംഘട്ടം നടപ്പിലാക്കി. ഇതിന്റെ ഭാഗമായി കൊതുകിന്റെ ഉറവിട നശീകരണം, ക്ലോറിനേഷൻ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നീ പ്രവർത്തനങ്ങൾ ഈ കാലയളവിൽ നടപ്പാക്കി. മാർച്ച് 15ന് ശേഷം ഈ പരിപാടിയനുസരിച്ചുള്ള തുടർനടപടികളും നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ